ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

104 (T4139) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീടുകളിൽ ബ്രാൻഡഡ് അല്ലാത്ത ഉത്പന്നങ്ങളിൽ നിന്നുണ്ടാകുന്ന ഇ-മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

അപൂർവ്വം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളിൽനിന്നും പൊതു അജൈവമാലിന്യം ശേഖരിക്കുന്നതിന്റെ ഭാഗമായി ഇ-മാലിന്യവും ശേഖരിച്ചുവരുന്നുണ്ട്. സർക്കാർ ക്ലീൻകേരള കമ്പനി ലിമിറ്റഡ് മുഖേന സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായ പുനഃചംക്രമണം ഉറപ്പ് വരുത്തുന്നുണ്ട്.

നഗരശുചീകരണത്തിനായുള്ള പുതിയ പദ്ധതികൾ

105 (4140) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര ശുചീകരണം സംബന്ധിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ; ഇവയിലേതെല്ലാം നടപ്പിലാക്കിയെന്നും ഏതെല്ലാം നഗരസഭകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പറയാമോ ?

(ബി) നഗരപരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ് പരിസരങ്ങളും മാരകമായ പകർച്ചവ്യാധികൾക്ക് കാരണമാകാവുന്നവിധം മാലിന്യങ്ങൾ നിറഞ്ഞ് ജനജീവിതം ദുസ്സഹമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ; ഇതിനുവേണ്ടി ഓരോ നഗരസഭയ്ക്കും അനുവദിച്ചിട്ടുള്ളതുക എത്രയാണെന്ന് പറയാമോ ;

(സി) നഗര പരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ് പരിസരങ്ങളും ശുചീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കാത്ത നഗരസഭകൾക്കെതിരെ എന്ത് നടപടികളാണ് കൈക്കൊള്ളുന്നതെന്ന് പറയുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗര ശുചീകരണം സംബന്ധിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പൊതു സ്ഥലങ്ങളിൽ സാനിട്ടറി ക്ലോംപ്ലക്സുകൾ

2. പ്രകൃതി സൗഹൃദ വസ്തു നിർമ്മാണ യൂണിറ്റുകൾക്ക് പ്രോത്സാഹനം

3.എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ ഉത്തരവാദിത്വ പ്രോത്സാഹനം

പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ നഗരസഭകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതു സംബന്ധമായ ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രശ്നപരിഹാരത്തിനായി നഗരപ്രദേശങ്ങളിലെ ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ള പദ്ധതിയിൽ ചുവടെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി നഗരസഭകളുടെ പ്രോജക്ടുകൾക്ക് സഹായം നൽകിവരുന്നു.

1. ഉറവിട മാലിന്യ സംസ്കരണം

2. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലും നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവത്കരണവും

3. ആധുനിക അറവുശാല നിർമ്മാണം

4. വിവര വിജ്ഞാന വ്യാപന പ്രവർത്തനവും ശേഷീവികസനവും

5. നഗരസഭകളിലെ ദ്രവ മാലിന്യ സംസ്കരണം

6. പ്രീ-മൺസൂൺ ക്ലീനിംഗ് ആക്ടിവിറ്റി

7. പൊതുസ്ഥലങ്ങളിൽ സാനിട്ടറി ക്ലോംപ്ലക്സുകൾ

8. പ്രകൃതി സൗഹൃദ വസ്തുനിർമ്മാണ യൂണിറ്റുകൾക്ക് പ്രോത്സാഹനം

9. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ ഉത്തരവാദിത്വ പ്രോത്സാഹനം

നഗരസഭകൾക്ക് അവരുടെ ആവശ്യപ്രകാരം ഇക്കാര്യങ്ങളിലുള്ള പ്രോജക്ട് തയ്യാറാക്കി നൽകാവുന്നതാണ്. പ്രോജക്ടിന്റെ സാങ്കേതിക-സാമ്പത്തിക മികവ് പരിശോധിച്ച് ധനലഭ്യതയനുസരിച്ച് സഹായവും നൽകിവരുന്നു. ഇത്തരം പ്രൊപ്പോസലുകൾ സമർപ്പിച്ച് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിയ നഗരസഭകളുടെ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഇതിലേക്കായി സർക്കാർ തലത്തിൽനിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ സംസ്കരണം പദ്ധതികൾ നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

എസ്.സി.പി./ടി.എസ്.പി. ഫണ്ടുകൾ

106 (4141) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ;

(ബി) മുനിസിപ്പാലിറ്റികൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതിവിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയ നഗര ഉപജീവന പദ്ധതി

107 (4142) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഉപജീവന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly